# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 4894 — 23.03.2018-ൽ മറുപടിക്ക്

## ആദിവാസി ഊരുകളിൽ സഞ്ചരിക്കുന്ന റേഷൻ കട

| ചോദ്യം | | | മറുപടി |
|---|---|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല : | | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) |
| എ) | ആദിവാസി ഊരുകളിൽ റേഷൻ ഭക്ഷ്യ വസ്തുക്കൾ നേരിട്ടെത്തിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച 'സഞ്ചരിക്കുന്ന റേഷൻ കട പദ്ധതി' ഇപ്പോൾ എല്ലാ ആദിവാസിമേഖലകളിലും പ്രവർത്തിക്കുന്നുണ്ടോ; | എ) യും ബി) യും | തൃശ്ശൂർ ജില്ലയിലെ കമര വെള്ളച്ചാൽ, മണിയൻ കിണർ, ഒളകര എന്നീ പട്ടികവർഗ്ഗ സങ്കേതങ്ങളിലാണ് സഞ്ചരിക്കുന്ന റേഷൻ കടകൾ പ്രവർത്തിച്ച് വരുന്നത്. മറ്റിടങ്ങളിൽ നടപ്പാക്കിയിട്ടില്ല. |
| ബി) | ഇല്ലെങ്കിൽ ഏതൊക്കെ മേഖലകളിലാണ് പ്രവർത്തിച്ചുവരുന്നത്; മുഴുവൻ മേഖലകളിലും പ്രവർത്തിക്കുന്നതിന് തടസമായ കാര്യങ്ങൾ എന്തൊക്കെയാണ്; | | |
| സി) | ആദിവാസി സമൂഹത്തിനാവശ്യമായ ഔഷധങ്ങൾ കൃത്യമായി എത്തിക്കുന്നതിനും വനാവകാശങ്ങൾ നിലനിർത്തിക്കൊണ്ട് അവരെ സംരക്ഷിക്കുന്നതിനും എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വിശദമാക്കാമോ; | സി) | സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാർക്ക് 10,000/- രൂപ വരെയുള്ള സൗജന്യ ചികിത്സയും മരുന്നുകളും എല്ലാ സർക്കാർ ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും ലഭ്യമാണ്. ഇടുക്കി, തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് എന്നിവിടങ്ങളിലായി ഓരോ ട്രൈബൽ മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നു. കൂടാതെ കൊല്ലം, ഇടുക്കി, പാലക്കാട്, കാസറഗോഡ്, കണ്ണൂർ, വയനാട് എന്നീ ജില്ലകളിൽ KMSCH മുഖേന ഓരോ ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ |

| | | | |
|---|---|---|---|
| | | | പ്രവർത്തിച്ചുവരുന്നു. HLL മുഖേന വകുപ്പിന് കീഴിൽ മലപ്പുറം, വയനാട്, പാലക്കാട് എന്നീ ജില്ലകളിലും ഓരോ ട്രൈബൽ മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നു.<br>പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ 5 അലോപ്പതി ഒ.പി. ക്ലിനിക്കുകളും ആറളത്ത് ഒരു ആയുർവ്വേദ ആശുപത്രിയും സംസ്ഥാനത്തൊട്ടാകെ 17 ആയുർവ്വേദ ഡിസ്പെൻസറികളും പ്രവർത്തിച്ച് വരുന്നു.<br>അർഹരായ എല്ലാ പേർക്കും വനാവകാശ നിയമപ്രകാരമുള്ള വ്യക്തിഗത കൈവശാവകാശം നൽകുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. സാമൂഹിക അവകാശങ്ങൾ നൽകി അവരെ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. അതിനായി എല്ലാ എഫ്.ആർ.സി മുഖേനയും സാമൂഹിക വനാവകാശത്തിനുള്ള അപേക്ഷകൾ സമർപ്പിക്കുവാനുള്ള നിർദ്ദേശം എല്ലാ പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാർക്കും നൽകിയിട്ടുണ്ട്. |
| ഡി) | ആദിവാസി പദ്ധതികളുടെ ഫണ്ടുകളുടെ ദുരുപയോഗം തടയുന്നതിന് എന്തെങ്കിലും പുതിയ സംവിധാനം പരിഗണനയിലുണ്ടോ? | ഡി) | ആദിവാസികളുടെ ഫണ്ടുകളിൽ ഡി.ബി.റ്റി മുഖേന ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നു. ആദിവാസി ഫണ്ടുകളുടെ ദുരുപയോഗം തടയുന്നതിന് ഇന്റേണൽ ഓഡിറ്റ് വിഭാഗം ശക്തിപ്പെടുത്തുന്നതിനും ഒരു വിജിലൻസ് സെൽ രൂപീകരിക്കുന്നതിനുള്ള കാര്യം പരിശോധിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**